## ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2026 – മാണ്ട് മാർച്ച് മാസം 30 –)o തീയതി

# MC No. 6 / 2022

ഹർജിക്കാരി : ഷൈല.കെ, 52 വയസ്സ്, W/o. ബാലചന്ദ്രൻ,
കൈതക്കാട്, പുന്നപ്ര നോർത്ത് പി.ഒ, പറവൂർ വില്ലേജ്,
ആലപ്പുഴ – 688 014
(പ്രതിനിധീകരിക്കുന്നത് അഡ്വ. സ്റ്റെഫി തങ്കച്ചൻ &
അഡ്വ. ഷീബ. എസ് )

എതൃകക്ഷി : ബാലചന്ദ്രൻ, 56 വയസ്സ്, S/o മണിയൻ,
കൈതക്കാട്, പുന്നപ്ര നോർത്ത് പി.ഒ, പറവൂർ വില്ലേജ്,
ആലപ്പുഴ – 688 014
(പ്രതിനിധീകരിക്കുന്നത് അഡ്വ. സന്ധ്യ ആർ കുറുപ്പ്)

2005–ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 12–)o വകുപ്പ് പ്രകാരം ഉള്ള ഈ ഹർജി 21.03.2026 ന് കോടതിയുടെ പരിഗണനയിൽ വന്നതിൽ 30.03.2026 ന് പുറപ്പെടുവിക്കുന്ന

## ഉത്തരവ്

1. ഹർജി 2005–ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 12–)o വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ്.
2. ഹർജി സംഗതി ഇപ്രകാരം ആണ് :- ഹർജിക്കാരിയും എതൃകക്ഷിയും ഭാര്യാഭർത്താക്കന്മാരും ടിയാളുകൾ തമ്മിലുള്ള വിവാഹം 13.01.2000 തീയതി തിരുവമ്പാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വെച്ച് ഇരുകക്ഷികളുടെയും ബന്ധുമിത്രാദി സമക്ഷത്തിൽ ഹിന്ദുമതാചാരപ്രകാരം നടന്നിട്ടുള്ളതും, വിവാഹശേഷം ഹർജിക്കാരി എതൃകക്ഷിയോടൊപ്പം ടിയാന്റെ കൈതക്കാട് എന്ന

വീട്ടിൽ താമസിച്ച് വന്നിരുന്നതും, ടി വിവാഹ ബന്ധത്തിൽ 03.02.2001 തീയതി ഒരാൺകുഞ്ഞ് ജനിച്ചിട്ടുള്ളതുമാകുന്നു. ഹർജിക്കാരിയുടെ മാതാപിതാക്കൾ ചെറുപ്പത്തിൽ തന്നെ മരണപ്പെട്ടതിനാൽ ഹർജിക്കാരിയുടെ കുടുംബവസ്തുവും വീടും വിറ്റും ഹർജിക്കാരിയുടെ ബന്ധുക്കൾ സഹായിച്ചുമാണ് ഇരുകക്ഷികളുടെയും വിവാഹം നടത്തിയതെന്നും വിവാഹ സമയത്ത് ഹർജിക്കാരിക്ക് വിവാഹ സമ്മാനമായി 20 പവൻ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിയുടെ ബന്ധുക്കൾ നൽകിയിരുന്നതും, വിവാഹനിശ്ചയം നടന്ന 04.11.1999 തീയതി എതൃകക്ഷിയുടെ കൈവശം 80,000/-(എൺപതിനായിരം) രൂപ ഹർജിക്കാരിയുടെ കാലക്ഷേപത്തിലേയ്ക്കായി ഒരു ട്രസ്റ്റി എന്ന നിലയ്ക്ക് ഏൽപ്പിച്ചിട്ടുള്ളതുമാകുന്നു. വിവാഹത്തിന്റെ പ്രാരംഭഘട്ടം മുതൽ ടി വിവാഹത്തിന് എതൃകക്ഷിക്ക് താല്പര്യമില്ല എന്നും ടിയാന്റെ സഹോദരന്മാർ ചേർന്ന് ഹർജിക്കാരിയെ എതൃകക്ഷിയുടെ തലയിൽ കെട്ടിവെച്ചതാണ് എന്നും പറഞ്ഞ് ഹർജിക്കാരിയെ മാനസികമായി പീഡിപ്പിക്കാൻ തുടങ്ങിയിട്ടുള്ളതും, "ഹർജിക്കാരിക്ക് തന്തയും തള്ളയും ഇല്ലെന്നും പോയി നിൽക്കാൻ ഒരു വീടില്ലെന്നും" എതൃകക്ഷിയും ബന്ധുക്കളും നിരന്തരം ആക്ഷേപിച്ചു വരുന്നതുമാകുന്നു. വിവാഹം കഴിഞ്ഞ് മൂന്നാം മാസം പാടം വാങ്ങാനെന്ന് പറഞ്ഞ് ഹർജിക്കാരിയുടെ താലിയും മാലയും ഒഴികെയുള്ള മുഴുവൻ സ്വർണ്ണാഭരണങ്ങളും എതൃകക്ഷിയുടെ ബന്ധുവായ മേരിയുടെ മകളുടെ വിവാഹസമയത്ത് പഴയ വിലയ്ക്ക് വിറ്റിട്ടുള്ളതും, ആയതിനുശേഷം എതൃകക്ഷിയുടെ കടം വീട്ടാനാണ് എന്ന് പറഞ്ഞ് എതൃകക്ഷിയും ടിയാന്റെ സഹോദരനും ചേർന്ന് ഹർജിക്കാരിയുടെ താലിയും മാലയും ഊരി വാങ്ങി വിറ്റിട്ടുള്ളതും, എന്നാൽ ഹർജിക്കാരിയുടെ മുഴുവൻ സ്വർണ്ണാഭരണങ്ങളും പണവും കൈവശപ്പെടുത്തിയ ശേഷം ഹർജിക്കാരിയോട് വീട്ടിൽ നിന്നും ഇറങ്ങി പോകുവാൻ പറഞ്ഞു എതൃകക്ഷിയും ബന്ധുക്കളും ഹർജിക്കാരിയെ നിരന്തരം പീഡിപ്പിച്ചു വന്നിരുന്നതും, ഹർജിക്കാരിക്ക് സ്ത്രീധനം കുറഞ്ഞുപോയി എന്നും പോകാൻ ഒരിടം ഇല്ലെന്നും ബന്ധുക്കൾ ഇല്ലെന്നും പറഞ്ഞ് ടിയാനും മാതാവും ബന്ധുക്കളും ചേർന്ന് പരിഹസിച്ചിരുന്നതും, ആയത് ഹർജിക്കാരിക്ക് കനത്ത മാനസികവ്യഥ ഉണ്ടാക്കിയിട്ടുള്ളതുമാകുന്നു. എന്നാൽ കടുത്ത മദ്യപാനിയായ എതൃകക്ഷി ഹർജിക്കാരിയെ കാണുന്ന ഉടൻ കേട്ടാൽ അറയ്ക്കുന്ന അശ്ലീലങ്ങളും ദേഹോപദ്രവും ആരംഭിച്ചിരുന്നതും, ഹർജിക്കാരിയെ "റിസോർട്ടിൽ നിന്നും നാല് ആണുങ്ങളുമായി പിടിച്ചിട്ടുണ്ട് എന്നും സ്വന്തം മകനുമായി ഹർജിക്കാരിക്ക് മോശം ബന്ധമുണ്ടെന്നും" എതൃകക്ഷി നാട്ടിൽ പറഞ്ഞ് നടക്കുന്നതുമാകുന്നു. ഒരു സ്ത്രീയ്ക്കും സഹിക്കാനാകാത്ത

എതൃകക്ഷിയുടെ ഇത്തരം പീഡനങ്ങൾ കാരണം ഹർജിക്കാരിയുടെ ജീവിതം നിത്യദുരിതത്തിലും ദുഃഖത്തിലും ആയിട്ടുള്ളതാകുന്നു. എതൃകക്ഷിയുടെ മദ്യപാനം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയതിനെ തുടർന്ന് മദ്യപാനം മാറ്റുന്നതിലേക്കായി ഹർജിക്കാരിയുടെ സഹോദരി ടിയാനെ കുവൈത്തിൽ കൊണ്ടുപോയി ജോലി വാങ്ങി നൽകിയിട്ടുള്ളതും, എന്നാൽ മദ്യപിക്കാതെ എതൃകക്ഷിക്ക് അവിടെ നിൽക്കാൻ ആകില്ലെന്ന് പറഞ്ഞ് ടിയാൻ തിരികെ നാട്ടിൽ വന്നിട്ടുള്ളതും, ആയതിനുശേഷവും മദ്യപിച്ച് വന്ന് 21 വയസ്സുള്ള സ്വന്തം മകനെ ചേർത്ത് പറയുന്ന അശ്ലീലങ്ങൾ കേട്ട് ഹർജിക്കാരി മാനസികമായി തകർന്നിട്ടുള്ളതും, എതൃകക്ഷി ബന്ധുക്കളെ മുഴുവൻ വീട്ടിൽ വിളിച്ചുവരുത്തി ഹർജിക്കാരിയെ കളിയാക്കുകയും വീട്ടിൽ നിന്നും ഹർജിക്കാരിയോട് ഇറങ്ങിപ്പോകുവാൻ പറയുന്നത് പതിവായിട്ടുള്ളതുമാകുന്നു. വീട്ടിൽ നിന്നും ഹർജിക്കാരി ഇറങ്ങി പോയില്ല എങ്കിൽ ടിയാളെ കൊല്ലും എന്നും വീട്ടിലിട്ട് കത്തിക്കുമെന്നും നിരന്തരം എതൃകക്ഷി ഹർജിക്കാരിയെ ഭീഷണിപ്പെടുത്തി വരുന്നതാകുന്നു. കഴിഞ്ഞ 11 മാസക്കാലമായി എതൃകക്ഷി ഹർജിക്കാരിക്കും മകനും ചെലവിന് പോലും നൽകാത്തതും ടിയാളുകളെ സംരക്ഷിക്കാതെ എതൃകക്ഷി കുത്തഴിഞ്ഞ ജീവിതം നയിച്ചു വരുന്നതുമാകുന്നു. എതൃകക്ഷിക്ക് പ്രതിദിനം 1500/- രൂപ വരുമാനം ഉള്ളതും ടിയാൻ പ്ലംബറും കുഴൽക്കിണർ നിർമ്മാതാവും സ്വന്തമായി കട നടത്തുന്നയാളും ആകുന്നു. 22.03.2020 തീയതി മതിൽ മറിഞ്ഞ് എതൃകക്ഷിക്ക് മാരകമായി പരിക്കേറ്റിരുന്നതും കിടപ്പിലായ എതൃകക്ഷിയെ ഹർജിക്കാരിയും മകനും പൊന്നുപോലെ സംരക്ഷിച്ച് സുഖപ്പെടുത്തിയിട്ടുള്ളതും, എന്നാൽ ആരോഗ്യം വീണ്ടെടുത്ത ശേഷം വീണ്ടും എതൃകക്ഷി മദ്യപാനം ആരംഭിച്ചിട്ടുള്ളതും വീട്ടിൽ നിന്നും ഹർജിക്കാരി ഇറങ്ങിപ്പോയില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്ന് നിരന്തരം പറഞ്ഞ് ഭീഷണിപ്പെടുത്തി വരുന്നതുമാകുന്നു. എതൃകക്ഷിയുടെ മാതാവിന് സീരിയസ് ആയി കിടപ്പിലായ സമയത്ത് ഹർജിക്കാരി മാതാവിനെ ശുശ്രൂഷിച്ചു എങ്കിലും എതൃകക്ഷിയുടെ ബന്ധുക്കൾ എത്തുന്ന സമയത്ത് ടിയാൻ ഹർജിക്കാരിയെ മുറിയിൽ നിന്നും ഇറക്കിവിട്ടിരുന്നതും ടിയാന്റെ മാതാവിനെ ഹർജിക്കാരി കൊലപ്പെടുത്തും എന്ന് വരെ പറഞ്ഞ് ഹർജിക്കാരിയെ വേദനിപ്പിച്ചിട്ടുള്ളതുമാകുന്നു. 15.01.2022 തീയതി എതൃകക്ഷിയുടെ മാതാവ് മരണപ്പെട്ടിട്ടുള്ളതും ആയതിനുശേഷം എതൃകക്ഷിയും ബന്ധുക്കളും ചേർന്ന് 16-ന്റെ അന്ന് ഹർജിക്കാരിയെ വീട്ടിൽ നിന്ന് ഇറക്കിവിടുമെന്നും അല്ലാത്തപക്ഷം ഹർജിക്കാരിയെ പാരയ്ക്ക് അടിച്ച്

കൊലപ്പെടുത്തുമെന്നും ഭീഷണിപ്പെടുത്തിയിട്ടുള്ളതാകുന്നു. എതൃകക്ഷിയുടെ മാതാവിന്റെ 16 അടിയന്തിരം കഴിഞ്ഞ് എതൃകക്ഷിയും ടിയാന്റെ ബന്ധുക്കളും ചേർന്ന് രാത്രി 7 മണി മുതൽ പാതിരാത്രി വരെ ഹർജിക്കാരിയെ അപമാനിക്കുകയും ഒരു വെള്ളപേപ്പറിൽ മുടിക്ക് കുത്തിപ്പിടിച്ച് ഒപ്പ് ഇടുവിച്ചിട്ടുള്ളതും ഒരാഴ്ചയ്ക്കുള്ളിൽ വീട്ടിൽനിന്നും ഇറങ്ങി കൊടുക്കണമെന്ന് എതൃകക്ഷി ഭീഷണിപ്പെടുത്തിയിട്ടുള്ളതുമാകുന്നു. എതൃകക്ഷിയുടെ സുഹൃത്തുക്കളായ എസ്എൻഡിപിയുടെ പുതിയ ഭാരവാഹികളും ടി ക്രൂരതകളെല്ലാം ഹർജിക്കാരിയോട് കാണിക്കുമ്പോൾ നോക്കി നിന്നിട്ടുള്ളതും ടിയാളുകൾ ഒപ്പിടുവിച്ച് നൽകിയ ബ്ലാങ്ക്പേപ്പറിന് പിന്നെ ആവശ്യം വരുമെന്ന് പറഞ്ഞ് വാങ്ങി എടുത്തിട്ടുള്ളതുമാകുന്നു. ഹർജിക്കാരിക്ക് മാതാപിതാക്കളോ മറ്റ് ബന്ധുക്കളോ വീടോ മറ്റ് വരുമാനമാർഗങ്ങളോ ഒന്നുമില്ലാത്തതും ആൾബലവും സാമ്പത്തിക ഭദ്രതയും സ്വാധീനശക്തിയുമുള്ള എതൃകക്ഷിയെയും കുടുംബത്തിനെയും എതിർക്കാനുള്ള ത്രാണിയില്ലാത്ത ആളുമാകുന്നു. എതൃകക്ഷിയോ ടിയാന്റെ ബന്ധുക്കളോ ഹർജിക്കാരിയെ വാക്കാലോ, ലിഖിതമായോ, മാനസികമായും, ശാരീരികമായും, സാമ്പത്തികമായും, വൈകാരികമായും പീഡിപ്പിക്കുന്നതും മറ്റ് ഗാർഹിക പീഡന കൃത്യങ്ങൾ ചെയ്യുന്നത് വിലക്കി കൊണ്ടുള്ള സംരക്ഷണ ഉത്തരവിനും, ഹർജിക്കാരിക്ക് പ്രതിമാസം 10,000/- (പതിനായിരം) രൂപ ജീവനാംശം അനുവദിച്ച് കൊണ്ടുള്ള ഒരു ഉത്തരവിനും, ഹർജിക്കാരിയുടെ 20 പവൻ സ്വർണ്ണാഭരണങ്ങളും 80,000/- (എൺപതിനായിരം) രൂപയും തിരികെ നൽകാൻ എതൃകക്ഷിയെ നിർദ്ദേശിച്ചും, ഹർജിക്കാരി എതൃകക്ഷിയിൽ നിന്നും അനുഭവിച്ച ഗാർഹിക പീഡനങ്ങൾക്ക് നഷ്ടപരിഹാരമായി 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപ അനുവദിക്കുന്നതിനുള്ള ഒരു ഉത്തരവിനും, ഹർജിക്കാരിയും എതൃകക്ഷിയും പങ്കിട്ട് താമസിച്ച വരുന്ന "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" നിന്നും ഹർജിക്കാരിയെ ഇറക്കി വിടരുതെന്നും ഹർജിക്കാരിയെ ടി പങ്ക് പാർത്ത വീട്ടിൽ സമാധാനപരമായി കഴിയാൻ അനുവദിക്കാതെ തുടർന്നും ഉപദ്രവിച്ചാൽ ടി വീട്ടിൽ പ്രവേശിക്കുന്നതിൽ നിന്ന് എതൃകക്ഷിയെ വിലക്കി കൊണ്ട് ഒരു ഉത്തരവിനും വേണ്ടിയാണ് ഹർജി കോടതി മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്. ആകയാൽ എതൃകക്ഷിയിൽ നിന്ന് സംരക്ഷണ ഉത്തരവിനും ജീവനാംശത്തിനും പാർപ്പിട ഉത്തരവിനും സാമ്പത്തിക പരിഹാരത്തിനും മറ്റുമാണ് ഹർജിക്കാരി മേല്പടി ഹർജി ഫയൽ ചെയ്തിട്ടുള്ളത് .

3. എതൃകക്ഷി നോട്ടീസ് കൈപ്പറ്റുകയും കേസിൽ ആക്ഷേപം ഫയൽ ചെയ്തിട്ടുള്ളതുമാണ്.

4. ഹർജിക്കാരിയെ PW1 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. Ext.P1 മുതൽ Ext.P7 വരെ രേഖകൾ അക്കമിട്ടു തെളിവിൽ സ്വീകരിച്ചു.

5. എതൃകക്ഷിയെ DW1 ആയി വിസ്തരിച്ചു. രേഖകൾ ഒന്നും ഹാജരാക്കിയില്ല.

6. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

7. താഴെ പറയുന്ന വിഷയങ്ങൾ നിർണയിക്കേണ്ടതിലേയ്ക്കായി പരിഗണിക്കുന്നു :-

I) ഹർജിക്കാരി ഗാർഹിക പീഡനത്തിന് ഇരയായിട്ടുണ്ടോ ?

II)എതൃകക്ഷിയോ ടിയാന്റെ ബന്ധുക്കളോ ഹർജിക്കാരിയെ വാക്കാലോ, ലിഖിതമായോ, മാനസികമായും, ശാരീരികമായും, സാമ്പത്തികമായും, വൈകാരികമായും പീഡിപ്പിക്കുന്നതും മറ്റ് ഗാർഹിക പീഡന കൃത്യങ്ങൾക്ക് വിധേയമാക്കുന്നത് തടഞ്ഞു ഒരു സംരക്ഷണ ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ ?

III) ഹർജിക്കാരിയും എതൃകക്ഷിയും പങ്കിട്ട് താമസിച്ചു വരുന്ന "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" നിന്നും ഹർജിക്കാരിയെ ഇറക്കി വിടരുതെന്നും, ഹർജിക്കാരിയെ ടി പങ്ക് പാർത്ത വീട്ടിൽ സമാധാനപരമായി കഴിയാൻ അനുവദിക്കാതെ തുടർന്നും ഉപദ്രവിച്ചാൽ ടി വീട്ടിൽ പ്രവേശിക്കുന്നതിൽ നിന്ന് എതൃകക്ഷിയെ വിലക്കി കൊണ്ട് ഒരു ഉത്തരവ് ലഭിക്കുന്നതിനും ഹർജിക്കാരിക്ക് അർഹതയുണ്ടോ ?

IV)ഹർജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും പ്രതിമാസം 10,000/- (പതിനായിരം) രൂപ സംരക്ഷണ ചിലവ് ലഭിക്കുന്നതിന് അർഹതയുണ്ടോ ?

V)ഹർജിക്കാരിയുടെ 20 പവൻ സ്വർണ്ണാഭരണങ്ങളും80,000/- (എൺപതിനായിരം) രൂപയും എതൃകക്ഷി തിരികെ നൽകാൻ നിർദ്ദേശിച്ച് കൊണ്ടുള്ള ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ ?

VI)ഹർജിക്കാരി എതൃകക്ഷിയിൽ നിന്നും അനുഭവിച്ച ഗാർഹിക പീഡനങ്ങൾക്ക് നഷ്ടപരിഹാരമായി 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപ

അനുവദിക്കുന്നതിനുള്ള ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ ?

VII) ഉത്തരവുകളും ചിലവുകളും ?

<u>**പരിഗണന വിഷയം I ഉം II ഉം :-**</u>

8. ഹർജിക്കാരിയും എതൃകക്ഷിയും ഭാര്യാഭർത്താക്കന്മാരും ടിയാളുകൾ തമ്മിലുള്ള വിവാഹം 13.01.2000 തീയതി തിരുവമ്പാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വെച്ച് നടന്നിട്ടുള്ളതാണ് എന്ന് Ext.P1 വിവാഹ സർട്ടിഫിക്കറ്റിൽ നിന്നും Ext.P2 വിവാഹ രജിസ്റ്ററിൽ നിന്നും Ext.P3 വിവാഹ ക്ഷണക്കത്തിൽ നിന്നും മനസിലാകുന്നു. എതൃകക്ഷിയും 13.01.2000 തീയതി ഹർജിക്കാരിയെ വിവാഹം ചെയ്തു എന്ന് സമ്മതിച്ചിട്ടുള്ളതാണ്. വിവാഹശേഷം ഹർജിക്കാരി എതൃകക്ഷിയോടൊപ്പം ടിയാന്റെ "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" താമസിച്ച് വരുന്നതും, ടി വിവാഹബന്ധത്തിൽ 03.02.2001 തീയതി ഒരാൺകുഞ്ഞ് ജനിച്ചിട്ടുള്ളതുമാകുന്നു. ഹർജിക്കാരിയുടെ ചെറുപ്പത്തിലെ തന്നെ ടിയാളുടെ മാതാപിതാക്കൾ മരണപ്പെട്ടു പോയതിനാൽ ഹർജിക്കാരിയുടെ കുടുംബവസ്തുവും വീടും വിറ്റും ടിയാളുടെ ബന്ധുക്കൾ സഹായിച്ചുമാണ് ഇരുകക്ഷികളുടെയും വിവാഹം നടത്തിയതെന്നും വിവാഹ സമയത്ത് ഹർജിക്കാരിക്ക് വിവാഹ സമ്മാനമായി 20 പവൻ സ്വർണ്ണാഭരണങ്ങൾ ടിയാളുടെ ബന്ധുക്കൾ നൽകിയിരുന്നതും, വിവാഹനിശ്ചയം നടന്ന 04.11.1999 തീയതി എതൃകക്ഷിയുടെ കൈവശം 80,000/- (എൺപതിനായിരം) രൂപ ഹർജിക്കാരിയുടെ കാലക്ഷേപത്തിലേയ്ക്കായി ഒരു ട്രസ്റ്റി എന്ന നിലയ്ക്ക് ഏൽപ്പിച്ചിട്ടുള്ളതുമാണ് എന്ന് ഹർജിക്കാരി ഹർജിയിൽ പറഞ്ഞിട്ടുള്ളതാണ്. വിവാഹത്തിന്റെ പ്രാരംഭഘട്ടം മുതൽ വിവാഹത്തിന് എതൃകക്ഷിക്ക് താല്പര്യമില്ല എന്നും ടിയാന്റെ സഹോദരന്മാർ ചേർന്ന് ഹർജിക്കാരിയെ ടിയാന്റെ തലയിൽ കെട്ടിവെച്ചതാണ് എന്നും പറഞ്ഞ് ഹർജിക്കാരിയെ മാനസികമായും ശാരീരികമായും പീഡിപ്പിക്കാൻ തുടങ്ങിയിട്ടുള്ളതും, ഹർജിക്കാരിക്ക് കുടുംബം ഇല്ലാത്തതിനെ എതൃകക്ഷിയും ടിയാന്റെ ബന്ധുക്കളും ചേർന്ന് പരിഹസിച്ചിട്ടുള്ളതുമാണ്. എതൃകക്ഷി മദ്യപിച്ച് വന്നു ഹർജിക്കാരിയെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുകയും ഹർജിക്കാരിക്കും മകനും ചിലവിനു കൊടുക്കാതെ പങ്കു പാർത്ത വീടായ "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" നിന്നും

ഹർജിക്കാരിയെയും മകനെയും ഇറക്കി വിടാൻ ശ്രമിച്ചും, സ്വന്തം മകനുമായി വരെ ഹർജിക്കാരിയെ ബന്ധപ്പെടുത്തി മോശം കാര്യങ്ങൾ എതൃകക്ഷി പറഞ്ഞുണ്ടാക്കിയും ചെയ്തിരുന്നു. എതൃകക്ഷി സ്ഥിര മദ്യപാനിയും മദ്യപിച്ച് പ്രശ്നം ഉണ്ടാക്കിയതിനെ തുടർന്ന് പുന്നപ്ര പോലീസ് സ്റ്റേഷനിൽ കേസ് ഉള്ളതാണെന്നും എതൃകക്ഷി തന്നെ സമ്മതിച്ചിട്ടുള്ളതാണ്. സംശയാലുവായ എതൃകക്ഷി ഹർജിക്കാരിയെ സംശയത്തോടുകൂടി നോക്കുന്നയാളും പെരുമാറ്റദൂഷ്യമുള്ള ആളാണ് എന്നും എതൃകക്ഷിയുടെ ഇത്തരത്തിലുള്ള സ്വഭാവദൂഷ്യം കൊണ്ട് ഹർജിക്കാരിയുടെ പല ജോലിയും നഷ്ടമായി എന്നും ഹർജിക്കാരിയുടെ മൊഴിയിൽ നിന്നും ഹർജിയിൽ നിന്നും ഈ കോടതിക്ക് മനസിലാകുന്നു. എതൃകക്ഷിയെ എതിർവിസ്താരം നടത്തിയപ്പോൾ താൻ ഹർജിക്കാരിയെ ശാരീരികമായും മാനസികമായും പീഡിപ്പിക്കാറില്ല എന്ന് പറഞ്ഞെങ്കിലും എതിർവിസ്താര വേളയിൽ ഈ കേസിൽ രണ്ടു പ്രാവശ്യം മീഡിയേഷൻ വഴി ഒത്തുതീർപ്പാക്കുന്നതിന് ഇരുകക്ഷികളെയും വിളിപ്പിച്ചിട്ടുണ്ടായിരുന്നു എന്നും മീഡിയേഷൻ വ്യവസ്ഥകൾ ഉണ്ടായിട്ടുള്ളതും ഈ വ്യവസ്ഥകൾ അനുസരിച്ച് ഹർജിക്കാരിയെയും മകനെയും "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" നിന്നും ഇറക്കിവിടരുതെന്നും, ഹർജിക്കാരിയെ ചീത്ത വിളിക്കരുതെന്നും പറഞ്ഞിട്ടുള്ളതാണ് എന്ന് എതൃകക്ഷി സമ്മതിച്ചിട്ടുള്ളതാണ്. കൂടാതെ മീഡിയേഷന്റെ മറ്റ് വ്യവസ്ഥകൾ അനുസരിച്ച് ഹർജിക്കാരിയെ യാതൊരു വിധ ശല്യവും ചെയ്യില്ല എന്നും അനാവശ്യം പറയില്ല എന്നും പറഞ്ഞിട്ടുള്ളതാണ് എന്ന് എതൃകക്ഷി സമ്മതിച്ചിട്ടുള്ളതാണ്. ഇതുകാണിക്കുന്നത് എതൃകക്ഷി ഹർജിക്കാരിയെയും മകനെയും ശാരീരികമായും മാനസികമായും ക്രൂര പീഡനത്തിന് ഇരയാക്കുമായിരുന്നു എന്നാണ്. ഹർജിക്കാരിയുടെ സഹോദരി എതൃകക്ഷിയെ വിദേശത്ത് കൊണ്ട് പോയെങ്കിലും എതൃകക്ഷിയുടെ ദുർനടപ്പും മദ്യപാനവും കാരണം വിദേശത്ത് ജയിലിൽ കിടന്നിട്ടുണ്ട് എന്നും വിസ്താര വേളയിൽ എതൃകക്ഷി സമ്മതിച്ചിട്ടുള്ളതാണ്. തുടർന്ന് എതൃകക്ഷി തിരികെ നാട്ടിൽ വന്ന് വീണ്ടും ഹർജിക്കാരിയെ ഉപദ്രവിക്കുകയും വരുമാനമാർഗത്തിനായി ഹർജിക്കാരി ജോലിക്ക് പോകുന്നയിടത്തൊക്കെ ഹർജിക്കാരിക്ക് എതിരെ അന്യ പുരുഷന്മാരുമായി ചേർത്ത് ആരോപണങ്ങളും പരദൂഷണവും പറഞ്ഞു ഉണ്ടാക്കുകയും ചെയ്തു ഹർജിക്കാരിയുടെ ജോലി ഇല്ലാതെയാക്കുന്ന സ്വഭാവവും എതൃകക്ഷിക്ക് ഉണ്ട് എന്ന് ഹർജിക്കാരിയുടെ മൊഴിയിൽ നിന്നും

സത്യവാങ്മൂലത്തിൽ നിന്നും കോടതിക്ക് ബോധ്യം ആയിട്ടുള്ളതാണ്. എതൃകക്ഷിയുടെ ശാരീരിക മാനസിക പീഡനങ്ങൾക്ക് വശംവദയായ ഹർജിക്കാരി പുന്നപ്ര പോലീസിൽ പരാതി കൊടുത്തിട്ടുള്ളതാണ്. ആയത് തെളിയിക്കുന്നതാണ് Ext.P4 മുതൽ Ext.P7 രേഖകൾ. കടുത്ത സംശയരോഗിയും സ്ഥിര മദ്യപാനിയും സ്വന്തം ഭാര്യയെയും മകനെയും ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന വ്യക്തിയാണ് എതൃകക്ഷി എന്നും ഹർജിക്കാരിയെ സ്വന്തം മകനെ പോലും ചേർത്ത് മോശം കാര്യം പറഞ്ഞുണ്ടാക്കുന്ന കേവല സ്വഭാവദൂഷ്യമുള്ള ആളാണ് എതൃകക്ഷി എന്നും സത്യവാങ്മൂലത്തിൽ നിന്നും ഹർജിക്കാരിയുടെ മൊഴിയിൽ നിന്നും മനസിലാകുന്നു.

9. ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വൈവാഹികബന്ധം തർക്കിക്കപ്പെട്ടിട്ടില്ലാത്തത് ആണെന്ന് Ext.P1, Ext.P2, Ext.P3 രേഖകൾ പ്രകാരം കാണാവുന്നതാണ്. ഹർജിക്കാരിയും എതൃകക്ഷിയും തമ്മിൽ ഗാർഹിക ബന്ധത്തിൽ ഉള്ളവരാണ് എന്ന നിലയിൽ പങ്കുപറ്റിക്കൊണ്ട് "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" ഒരുമിച്ച് താമസിച്ചിട്ടുള്ളതിനാൽ ഹർജിക്കാരിയും എതൃകക്ഷിയും തമ്മിൽ ഗാർഹിക ബന്ധം ഉണ്ടെന്ന് തെളിഞ്ഞിരിക്കുന്നു. ഇപ്രകാരം താമസിച്ച വരവെ എതൃകക്ഷി ഹർജിക്കാരിയെ പതിവായി പലവിധത്തിൽ മാനസികമായും ശാരീരികമായും ഉപദ്രവിച്ചു എന്ന് ഹർജിക്കാരി മൊഴി നൽകി. എതൃകക്ഷിയിൽ നിന്നുള്ള പെരുമാറ്റങ്ങൾ ഹർജിക്കാരിക്ക് കടുത്ത മാനസിക സംഘർഷത്തിനും സങ്കടത്തിനും കാരണമായിട്ടുള്ളതും ടിയാളിൽ നിന്നും ഇത്തരത്തിലുള്ള ഗാർഹിക പീഡനങ്ങൾ തുടർന്നും ഉണ്ടായേക്കാം എന്നും ഭയമുള്ളതായും ഹർജിക്കാരി മൊഴി നൽകിയിരിക്കുന്നു. ഇപ്രകാരം Ext.P1, Ext.P2, Ext.P3 രേഖകളും PW1 ന്റെ മൊഴിയും ചേർത്ത് വായിക്കുമ്പോൾ എതൃകക്ഷി ഹർജിക്കാരിക്കെതിരെ ഗാർഹികപീഡനം നടത്തിയതായി കണ്ടെത്തിയിരിക്കുന്നു. ഇത്തരത്തിൽ ഗാർഹികപീഡന കൃത്യം തുടർന്നും നടത്താനുള്ള സാധ്യത കണക്കിലെടുത്ത് എതൃകക്ഷിയുടെ ഭാഗത്ത് നിന്നും ഹർജിക്കാരിക്ക് നേരെയുണ്ടാകുന്ന അക്രമപ്രവർത്തികൾ തടഞ്ഞു കിട്ടേണ്ടത് അത്യാവശ്യമാണെന്ന് ഈ കോടതിക്ക് ബോധ്യം വന്നിരിക്കുന്നു. ആയതിനാൽ ഹർജിക്കാരി ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 18(a) വകുപ്പ് പ്രകാരമുള്ള ഉത്തരവ് ലഭിക്കാൻ അർഹയാണ്.

ആയതിനാൽ ഈ പരിഗണന വിഷയങ്ങൾ ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം III :-</u>**

10. "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട്" വീടാണ് ഹർജിക്കാരിയും എതൃകക്ഷിയും പങ്കുപാർത്ത വീട് എന്ന് ഹർജിക്കാരിയും എതൃകക്ഷിയും മൊഴി പറഞ്ഞിരിക്കുന്നു. ഇരുകക്ഷികളുടെയും മൊഴി പ്രകാരം ടി പങ്കു പാർത്ത വീട് എതൃകക്ഷിയുടെ കുടുംബ വീടാണ് എന്നും ടിയാളുകളുടെ വിവാഹശേഷം ടി വീട്ടിൽ ആയിരുന്നു താമസം എന്നും ഇരു കക്ഷികളുടെയും മൊഴിയിൽ നിന്നും മനസിലാകുന്നു. ഹർജിക്കാരിയുടെ മൊഴി പ്രകാരം വിവാഹത്തിന്റെ പ്രാരംഭഘട്ടം മുതൽ എതൃകക്ഷിക്ക് ടി വിവാഹത്തിന് താല്പര്യമില്ല എന്നും ടിയാന്റെ സഹോദരന്മാർ ചേർന്ന് ഹർജിക്കാരിയെ എതൃകക്ഷിയുടെ തലയിൽ കെട്ടിവെച്ചതാണ് എന്നും പറഞ്ഞ് ഹർജിക്കാരിയെ മാനസികമായി പീഡിപ്പിക്കാൻ തുടങ്ങിയിട്ടുള്ളതും, "ഹർജിക്കാരിക്ക് തന്തയും തള്ളയും ഇല്ലെന്നും പോയി നിൽക്കാൻ ഒരു വീടില്ലെന്നും" എതൃകക്ഷിയും ബന്ധുക്കളും നിരന്തരം ആക്ഷേപിച്ചു വരുന്നതുമായിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ***പ്രഭ ത്യാഗി v. കമലേഷ് ദേവി (AIR 2022 SC 2331)*** എന്ന വിധിയിൽ, ഒരു സ്ത്രീ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ സ്ഥാപിക്കുന്ന സമയത്തോ അതിനു മുമ്പോ പങ്കു പറ്റിയ വീട്ടിൽ താമസിച്ചതിന്റെ സ്വഭാവരീതി സ്ഥാപിക്കേണ്ട ആവശ്യമില്ല എന്നും നിയമപരമായ അനുമതിയുള്ള ഒരു ബന്ധമുണ്ടെങ്കിൽ ആ ബന്ധത്തിലുള്ള സ്ത്രീക്ക് പങ്കു പറ്റുന്ന വീട്ടിൽ താമസിക്കാനുള്ള അവകാശം ലഭിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. ടി നിയമത്തിലെ 17-)o വകുപ്പ് പ്രകാരം സംരക്ഷണത്തിനുള്ള സ്ത്രീയുടെ അവകാശം പങ്കു പറ്റിയ വീട്ടിൽ താമസിക്കാനുള്ള അവകാശവുമായി സഹവർത്തിച്ചിരിക്കുന്നു. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിന്റെ 19(a) വകുപ്പ് പ്രകാരം പങ്കു പറ്റുന്ന വീട്ടിൽ നിയമപരവും ധാർമികവുമായ അവകാശവും എതൃകക്ഷിക്ക് ഇല്ലെങ്കിൽ പോലും പീഡിപ്പിക്കപ്പെട്ടയാളുടെ കൈവശാവകാശത്തിന് അലട്ടൽ ഉണ്ടാക്കുന്നതിൽ നിന്ന് എതൃകക്ഷിയെ വിലക്കാൻ സാധിക്കുന്നതാണ്. ടി വകുപ്പ് പ്രകാരം നിയമ പ്രകാരമുള്ള നടപടിക്ക് അനുസൃതമായല്ലാതെ പങ്കുപറ്റുന്ന വീട്ടിൽ നിന്നോ അതിന്റെ ഏതെങ്കിലും ഭാഗത്തുനിന്നോ എതൃകക്ഷിക്ക് പീഡിപ്പിക്കപ്പെട്ടയാളെ കുടിയൊഴിപ്പിക്കാനോ

ഒഴിവാക്കാനോ സാധിക്കില്ല. ഹർജിക്കാരിക്ക് ടി വീട്ടിൽ താമസിക്കാൻ ഇത് പ്രകാരം അവകാശം ഉള്ളതാകുന്നു. ഹർജിക്കാരിയുടെ മൊഴി പ്രകാരം എതൃകക്ഷി നിരന്തരമായി മദ്യപിച്ച് ആത്മഹത്യ ഭീഷണി മുഴക്കിയും ടി വീട്ടിലെ ഹർജിക്കാരിയുടെയും മകന്റെയും സ്വൈര്യജീവിതത്തിന് അലട്ടൽ ഉണ്ടാക്കാറുള്ളതുമാണ് എന്ന് ഹർജിക്കാരിയുടെ മൊഴിയിൽ നിന്ന് മനസിലാകുന്നു. ഹർജിക്കാരി പങ്കു പാർത്ത വീടായ "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" നിന്നും ഇറങ്ങി പോയില്ലെങ്കിൽ എതൃകക്ഷി ആത്മഹത്യ ചെയ്യുമെന്നും കൂടാതെ ഹർജിക്കാരിയെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി നടക്കുന്നതായും ഹർജിക്കാരി മൊഴി നൽകിയിട്ടുണ്ട്. ഇപ്രകാരം ഹർജിക്കാരിയുടെ ടി വീട്ടിലെ കൈവശാവകാശത്തിന് അലട്ടൽ ഉണ്ടാക്കുന്നതിൽ നിന്നും ടി വീട്ടിൽ നിന്നും ഒഴിപ്പിക്കുന്നതിൽ നിന്നും പങ്കു പറ്റുന്ന വീട്ടിലുള്ള തന്റെ അവകാശങ്ങൾ പരിത്യജിക്കുന്നതിൽ നിന്നും എതൃകക്ഷിയെ വിലക്കിക്കൊണ്ടുള്ള ഒരു ഉത്തരവിന് ഹർജിക്കാരി അർഹയാണ്. കൂടാതെ ആത്മഹത്യാ ഭീഷണിയും ഹർജിക്കാരിയെ കൊല്ലുമെന്ന ഭീഷണിയും നിലനിൽക്കുന്നതിനാൽ ഹർജിക്കാരിയുടെ ഭദ്രതയ്ക്കും സംരക്ഷണത്തിനുമായി എതൃകക്ഷിയെ പങ്കു പറ്റുന്ന വീട്ടിൽ നിന്നും മാറി നിൽക്കാൻ നിർദ്ദേശിച്ച് ഒരു ഉത്തരവിനും ഹർജിക്കാരി അർഹയാണ്. 2018-ലെ പ്രളയം വന്നപ്പോൾ സർക്കാർ ചിലവിൽ ഹർജിക്കാരിയുടെ പേരിൽ ഒരു വീട് വെച്ച കാര്യം എതൃകക്ഷി നിഷേധിച്ചു എന്നും സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചാണ് വീട് മെയിന്റനൻസ് നടത്തിയതെന്നും എതൃകക്ഷി സമ്മതിച്ചിട്ടുള്ളതാണ്. കൂടാതെ സർക്കാർ ഹർജിക്കാരിയുടെ പേരിലാണ് വീട് മെയിന്റനൻസ് നടത്തുന്നതിന് വേണ്ടി തുക അനുവദിച്ചത് എന്നും എതൃകക്ഷി സമ്മതിച്ചിട്ടുള്ളതാണ്. ഇത് ഹർജിക്കാരിയുടെ പങ്കു പാർത്ത വീടായ "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട്" വീട്ടിലുള്ള അവകാശത്തെ ബലപ്പെടുത്തുന്നു. ആയതിനാൽ എതൃകക്ഷിയും ഹർജിക്കാരിയും വിവാഹശേഷം പങ്കു പാർത്ത വീടായ "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" ഹർജിക്കാരിക്ക് താമസിക്കുന്നതിന് നിയമപരമായ അവകാശം ഉണ്ടെന്ന് കോടതി കാണുന്നു. ഹർജിക്കാരിയും എതൃകക്ഷിയും പങ്കിട്ട് താമസിച്ചു വരുന്ന "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" നിന്നും ഹർജിക്കാരിയെ ഇറക്കി വിടരുതെന്നും ഹർജിക്കാരിയെ ടി വീട്ടിൽ സമാധാനപരമായി കഴിയാൻ അനുവദിക്കാതെ

തുടർന്നും ഉപദ്രവിച്ചാൽ ടി വീട്ടിൽ പ്രവേശിക്കുന്നതിൽ നിന്ന് എതൃകക്ഷിയെ വിലക്കിക്കൊണ്ട് ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ട് എന്ന് കോടതി കണ്ടെത്തുന്നു. ആയതിനാൽ ഈ പരിഗണന വിഷയം ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം IV :-</u>**

11. ഹർജിക്കാരിക്ക് യാതൊരു ജോലിയോ വരുമാനവും ഇല്ലാത്ത വീട്ടമ്മയാണ്. എതൃകക്ഷി പ്ലംബറും കുഴൽക്കിണർ നിർമ്മാതാവും സ്വന്തമായി കട നടത്തുന്നയാളും ടിയാൾക്ക് പ്രതിദിനം 3000/- രൂപ വരുമാനം ഉള്ളതുമാണെന്ന് ഹർജിക്കാരി മൊഴി നൽകിയിരിക്കുന്നു. 22.03.2020 തീയതി മതിൽ മറിഞ്ഞ് എതൃകക്ഷിക്ക് മാരകമായി പരിക്കേറ്റിരുന്നതാണെന്ന് ഹർജിക്കാരി സമ്മതിക്കുന്നുണ്ട് എങ്കിലും നിലവിൽ കുഴൽക്കിണർ, വയറിങ് തുടങ്ങിയ ജോലി എതൃകക്ഷി ചെയ്യുന്നുണ്ട് എന്നും ഹർജിക്കാരി മൊഴി നൽകിയിട്ടുണ്ട്. എതൃകക്ഷി ഇപ്പോഴും ചികിത്സയിലാണ് എന്നും ഇപ്പോഴും രോഗമുക്തി നേടിയിട്ടില്ല എന്നും പറഞ്ഞെങ്കിലും ആയതിനെ സാധൂകരിക്കുന്ന ചികിത്സ രേഖകൾ ഒന്നും കോടതി മുമ്പാകെ ഹാജരാക്കി കാണുന്നില്ല. കൂടാതെ എതൃകക്ഷി ഇപ്പോഴും ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളാണെന്ന് തെളിക്കുന്നതിന് സാക്ഷിയോ മറ്റു രേഖകളോ ഇല്ല. ആയതിനാൽ എതൃകക്ഷി നിയമപരമായി വിവാഹം കഴിച്ച ഭാര്യയ്ക്ക് ചിലവിന് കൊടുക്കേണ്ട ബാധ്യത ഉണ്ടെന്ന് കോടതി കണ്ടെത്തുന്നു. എതൃകക്ഷിയുടെ പ്രായം, ആരോഗ്യം, സാമ്പത്തിക സ്ഥിതി എന്നിവ പരിഗണിച്ച് ഹർജിക്കാരിക്ക് പ്രതിമാസം 5,000/- (അയ്യായിരം രൂപ) ജീവനാംശം അനുവദിച്ച് കൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരി അർഹയാണ്.

**<u>പരിഗണന വിഷയം V ഉം VI ഉം :-</u>**

12. ഹർജിക്കാരിയുടെ കൈവശത്തിൽ നിന്നും എതൃകക്ഷി കൈക്കലാക്കിയ 20 പവൻ സ്വർണ്ണാഭരണങ്ങളും 80,000/- (എൺപതിനായിരം) രൂപയും തിരികെ ലഭിക്കണമെന്നാണ് ഹർജിക്കാരിയുടെ മറ്റൊരു ആവശ്യം. ഹർജിക്കാരിക്ക് വിവാഹത്തിന് ലഭിച്ച ആഭരണങ്ങളുടെ തരവും തൂക്കവും എണ്ണവും സംബന്ധിച്ച വിശദവിവരങ്ങൾ ഹർജിക്കാരി കോടതി മുമ്പാകെ പറഞ്ഞിട്ടില്ല. സ്വർണ്ണാഭരണങ്ങൾ തിരികെ ലഭിക്കണമെന്ന അവകാശവാദത്തിൽ ഹർജിക്കാരിയുടെ കൈവശം സ്വർണ്ണാഭരണങ്ങൾ ഉണ്ടായിരുന്നു എന്നും അവ എതൃകക്ഷിയുടെ കൈവശം ഏല്പിക്കപ്പെട്ടിട്ടുള്ളതാണെന്നും ആയത് നാളിതുവരെ

തിരികെ ലഭിച്ചിട്ടില്ല എന്നും ഹർജിക്കാരി തെളിയിക്കേണ്ടതുണ്ട്. സാധ്യതകളുടെ ആധിക്യത്തെ അടിസ്ഥാനമാക്കിയാണ് അത്തരം കേസുകൾ തീരുമാനിക്കപ്പെടുക. ഭാരതീയ സാക്ഷ്യ അധിനിയമത്തിലെ 104-)o വകുപ്പ് പ്രകാരം താൻ വാദിക്കുന്ന വസ്തുതകളുടെ നിലനില്പിനെ ആശ്രയിച്ചുള്ള ഏതെങ്കിലും നിയമപരമായ അവകാശമോ ബാധ്യതയോ സംബന്ധിച്ച് ഏതെങ്കിലും കോടതി വിധി പറയാൻ ആഗ്രഹിക്കുന്നയാൾ ആ വസ്തുതകൾ നിലവിലുണ്ട് എന്ന് തെളിയിക്കണം. വിശ്വസനീയമായ തെളിവുകളില്ലാതെ ഹർജിക്കാരി നടത്തുന്ന വാദങ്ങൾ സ്വർണ്ണവും പണവും തിരികെ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ പര്യാപ്തമല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ രണ്ടു അംഗ ബെഞ്ച് ***മുനീറ v. മറിയുമ്മ (2024 KHC ഓൺലൈൻ 7303)*** എന്ന കേസിൽ ഇത് സംബന്ധിച്ച നിയമം വിശദമായി ചർച്ച ചെയ്തിരിക്കുന്നു. ഈ കേസിൽ എതൃകക്ഷിക്ക് സ്വർണ്ണവും പണവും ഏൽപ്പിച്ചത് സംബന്ധിച്ച് സ്വതന്ത്രമായ സാക്ഷി മൊഴികളോ രേഖകളോ കോടതിയിൽ ഹർജിക്കാരി ഹാജരാക്കിയിട്ടില്ല. ആയതിനാൽ സ്വർണ്ണവും പണവും തിരികെ നൽകുന്നതിനുള്ള ആവശ്യം അനുവദിക്കാൻ ആകില്ല. ആയതിനാൽ പരിഗണന വിഷയം V ഹർജിക്കാരിക്ക് പ്രതികൂലമായി കണ്ടെത്തിയിരിക്കുന്നു.

13. എതൃകക്ഷിയിൽ നിന്നും അനുഭവിച്ച ഗാർഹിക പീഡനങ്ങൾക്ക് നഷ്ടപരിഹാരമായി 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപ അനുവദിക്കുന്നതിന് ഹർജിക്കാരി ആവശ്യപ്പെട്ടെങ്കിലും നഷ്ടപരിഹാരം നൽകുന്നതിന് വ്യക്തമായ തെളിവുകളും രേഖകളും ഹർജിക്കാരി കോടതി മുമ്പാകെ ഹാജരാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിശ്വസനീയമായ തെളിവുകളില്ലാതെ ഹർജിക്കാരി നടത്തുന്ന വാദങ്ങൾ പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ പര്യാപ്തമല്ല. ഈ കേസിൽ ഹർജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും ടിയാന്റെ ബന്ധുക്കളിൽ നിന്നും ഏറ്റ ഗാർഹിക പീഡനങ്ങളെ സംബന്ധിച്ച് സ്വതന്ത്രമായ സാക്ഷി മൊഴികളോ രേഖകളോ കോടതി മുമ്പാകെ ഹർജിക്കാരി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ കേസിൽ വ്യക്തമായ തെളിവുകളുടെ അഭാവത്തിൽ കോടതിക്ക് നഷ്ടപരിഹാരം അനുവദിക്കാൻ സാധിക്കില്ല. ആയതിനാൽ പരിഗണന വിഷയം VI ഹർജിക്കാരിക്ക് പ്രതികൂലമായി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം VII :-</u>**

14. I മുതൽ VI വരെയുള്ള പരിഗണന വിഷയങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഈ ഹർജി ഭാഗികമായി അനുവദിച്ച് താഴെ പറയുന്ന ഉത്തരവുകൾ നൽകുന്നു :-

1. എതൃകക്ഷിയോ ടിയാന്റെ ബന്ധുക്കളോ ഹർജിക്കാരിയെ വാക്കാലോ, ലിഖിതമായോ, മാനസികമായും, ശാരീരികമായും, സാമ്പത്തികമായും, വൈകാരികമായും പീഡിപ്പിക്കുന്നതും മറ്റ് ഗാർഹിക പീഡനങ്ങൾ നടത്തുന്നതിൽ നിന്നും എതൃകക്ഷിയെ തടഞ്ഞ് ഉത്തരവാകുന്നു.

2. ഹർജിക്കാരിയും എതൃകക്ഷിയും പങ്ക് പാർത്ത വീടായ "ആലപ്പുഴ ജില്ലയിലെ പറവൂർ വില്ലേജിലെ പുന്നപ്ര നോർത്ത് പി.ഓ-യിൽ കൈതക്കാട് വീട്ടിൽ" നിന്നും ഹർജിക്കാരിയെ ഇറക്കി വിടരുതെന്നും, ഹർജിക്കാരിയെ ടി പങ്ക് പാർത്ത വീട്ടിൽ സമാധാനപരമായി കഴിയാൻ അനുവദിക്കാതെ തുടർന്നും ഉപദ്രവിച്ചാൽ ടി വീട്ടിൽ പ്രവേശിക്കുന്നതിൽ നിന്ന് എതൃകക്ഷിയെ വിലക്കി കൊണ്ട് ഉത്തരവാകുന്നു.

3. ഹർജിക്കാരിക്ക് എതൃകക്ഷി പ്രതിമാസം 5,000/- (അയ്യായിരം രൂപ) വീതം ഹർജി തീയതി മുതൽ ജീവനാംശം നൽകാൻ ഉത്തരവാകുന്നു.

4. എതൃകക്ഷി മേല്പറഞ്ഞ ഉത്തരവുകൾ പാലിക്കാത്തപക്ഷം ഹർജിക്കാരിക്ക് എതൃകക്ഷിക്കെതിരെ നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

ഈ വിധിയിൽ ബാധിക്കപ്പെട്ട വ്യക്തിക്ക് ഈ തീയതി മുതൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ കോടതിയിൽ അപ്പീൽ ഹർജി കൊടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 30 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

## അനുബന്ധം

A. ഹർജി ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | ഷൈല.കെ |

B.എതൃകക്ഷി ഭാഗം സാക്ഷികൾ

| | |
|---|---|
| DW1 | ബാലചന്ദ്രൻ |

C.കോടതി ഭാഗം സാക്ഷികൾ – ഇല്ല

D.ഹർജി ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW1) | വിവാഹ സർട്ടിഫിക്കറ്റ് (കോപ്പി) |
| Ext.P2 (PW1) | വിവാഹ രജിസ്റ്റർ (കോപ്പി) |
| Ext.P3 (PW1) | വിവാഹ ക്ഷണക്കത്ത് (കോപ്പി) |
| Ext.P4 (PW1) | പുന്നപ്ര പോലീസ് സ്റ്റേഷൻ സി.ഐ മുമ്പാകെ കൊടുത്ത പരാതി |
| Ext.P5 (PW1) | പുന്നപ്ര പോലീസ് സ്റ്റേഷനിൽ കൊടുത്ത പരാതി |
| Ext.P6 (PW1) | പുന്നപ്ര പോലീസ് സ്റ്റേഷനിൽ നിന്ന് ലഭിച്ച പരാതിയുടെ രസീത് |
| Ext.P7 (PW1) | വനിതാ സെല്ലിൽ കൊടുത്ത പരാതി |

E. എതൃകക്ഷി ഭാഗം തെളിവുകൾ – ഇല്ല

F. കോടതി ഭാഗം തെളിവുകൾ – ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ – ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**